മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 മാർച്ച് 24

# വാർത്താക്കുറിപ്പ്

---

## ധാരണാപത്രം ഒപ്പു വച്ചു

കൗൺസിൽ ഓഫ് സയന്റിഫിക് ആന്റ് ഇൻഡസ്ട്രിയൽ റിസെർച്ചിന് കീഴിലുള്ള (സി.എസ്.ഐ.ആർ.), മൈസൂരു, സെൻട്രൽ ഫുഡ് ടെക്നോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും (സി.എഫ്.റ്റി.ആർ.ഐ.) കോട്ടയം മഹാത്മാഗാന്ധി സർവ്വകലാശാലയും ഭക്ഷ്യ ഗവേഷണ മേഖലയിൽ പരസ്പരം സഹകരിക്കുന്നതിനുള്ള ധാരണാപത്രം ഒപ്പു വച്ചു. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസിന്റെ സാന്നിദ്ധ്യത്തിൽ ഓൺലൈനായി നടന്ന ചടങ്ങിൽ സർവ്വകലാശാലക്ക് വേണ്ടി രജിസ്ട്രാർ പ്രൊഫ. പ്രകാശ് കുമാർ ബി. ധാരണാ പത്രത്തിൽ ഒപ്പു വച്ചു. സി.എഫ്.റ്റി.ആർ.ഐ. ക്ക് വേണ്ടി ഡയറക്ടർ ഡോ. ശ്രീദേവി അന്നപൂർണാ സിങ്ങാണ് ഒപ്പു വച്ചത്.
ഭക്ഷ്യ ഉത്പാദന-ഗവേഷണ മേഖലയിലെ ശാസ്ത്ര-സാങ്കേതിക പ്രശ്നങ്ങൾക്ക് പരസ്പര സഹകരണത്തിലൂടെ പരിഹാരം തേടുന്നത് ലക്ഷ്യം വച്ചുള്ളതാണ് പ്രധാനമായും ഈ ധാരണാപത്രം. ഭക്ഷ്യ സംസ്കരണവുമായി ബന്ധപ്പെട്ട് സ്വായത്തമാക്കിയിട്ടുള്ള വൈദഗ്ധ്യവും അറിവുകളും ഇൻസ്റ്റിറ്റ്യൂട്ടും, ബയോടെക്നോളജി രസതന്ത്രം തുടങ്ങിയ വിഷയങ്ങളിൽ സർവ്വകലാശാല നടത്തി വരുന്ന പഠന - ഗവേഷണ പ്രവർത്തനങ്ങൾ മേഖലയുടെ വികസനത്തിനായി പരസ്പരം കൈമാറാനും ധാരണാപത്രം വ്യവസ്ഥ ചെയ്യുന്നു.

ബന്ധപ്പെട്ട മേഖലകളിൽ വൈദഗ്ധ്യ വികസനത്തിനായുള്ള പരിപാടികൾ സംഘടിപ്പിക്കുന്നതിനും ഇരു സ്ഥാപനങ്ങളും തമ്മിലുള്ള സഹകരണ ലക്ഷ്യമിടുന്നു. ഇതിനായി ചർച്ചകൾ, ശില്പശാലകൾ എന്നവ സംഘടിപ്പിക്കാനും അധ്യാപകരുടെയും വിദഗ്ദരുടെയും സേവനം പരസ്പരം കൈമാറുന്നതിനും കൂടി ലക്ഷ്യമിടുന്നതാണ് ധാരണാപത്രം.

എം.ജി. സർവ്വകലാശാല സ്കൂൾ ഓഫ് ഫുഡ് സയൻസ് ആന്റ് ടെക്നോളജി - ഓണററി ഡയറക്ടർ ഡോ. എം.എസ്. ജിഷ, പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ. അനൂജ തോമസ് എന്നിവരും പങ്കെടുത്തു.

സി.എസ്.ഐ.ആർ. ന് കീഴിൽ ഭക്ഷ്യസെസ്കരണ മേഖലയിൽ ഗവേഷണ-വികസന ചുമതലകൾ നിർവ്വഹിച്ചു പൊരുന്ന സി.എഫ്.റ്റി.ആർ.ഐ. ബിരുദാനന്തര-ബിരുദ പ്രോഗ്രാമുകളും ഗവേഷ പരിപാടികളും നടത്തി വരുന്ന ഒരു സ്ഥാപനം കൂടിയാണ് .

ഫോട്ടോ ക്യാപ്ഷൻ: എം.ജി. സർവ്വകലാശാല - സി.എഫ്.റ്റി.ആർ.ഐ. ധാരണാപത്രം ഒപ്പു വയ്ക്കൽ ചടങ്ങിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, രജിസ്ട്രാർ പ്രൊഫ. പ്രകാശ് കുമാർ ബി., ഡോ. ജിഷ എം.എസ്., ഡോ. അനൂജാ തോമസ് എന്നിവർ

(പി.ആർ.ഒ./39/351/2022)

## അപേക്ഷാ തീയതി നീട്ടി

ഒന്നാം സെമസ്റ്റർ ബി.എഡ്. (ക്രെഡിറ്റ് ആന്റ് സെമസ്റ്റർ - 2021 അഡ്മിഷൻ - റെഗുലർ / സപ്ലിമെന്ററി - ദ്വിവത്സരം) പരീക്ഷകൾക്ക് അപേക്ഷിക്കുന്നതനുള്ള തീയതി നീട്ടി. പിഴയില്ലാതെ മാർച്ച് 26 വരെയും 525 രൂപ പിഴയോടു കൂടി മാർച്ച് 28 വരെയും 1050 രൂപ സൂപ്പർഫൈനോടു കൂടി മാർച്ച് 30 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ./39/352/2022)

## സൂക്ഷ്മ പരിശോധന മാർച്ച് 26 ന്

2019 ഡിസംബറിൽ നടന്ന ഒന്ന് മുതൽ അഞ്ച് വരെ സെമസ്റ്റർ ബി.ടെക് സപ്ലിമെന്ററി പരീക്ഷകളുടെ സൂക്ഷ്മപരിശോധനക്ക് അപേക്ഷ നൽകുകയും ഹാജരാകുവാൻ കഴിയാത്തതുമായ വിദ്യാർത്ഥികൾക്കായി മാർച്ച് 26 ന് രാവിലെ 10.30 മുതൽ 3.30 വരെ മഹാത്മാഗാന്ധി സർവ്വകലാശാല പരീക്ഷ്ഭവനിലെ റൂം നമ്പർ 223 ൽ സൂക്ഷ്മ പരിശോധന നടക്കും. ഇനിയും സൂക്ഷ്മപരിശോധനക്ക് ഹാജരാകുവാൻ കഴിയാത്ത വിദ്യാർത്ഥികൾ മാത്രം അന്നേ ദിവസം നിശ്ചിത സമയത്തിനുള്ളിൽ ഫോട്ടോ പതിച്ച ഐ.ഡി. കാർഡിന്റെ ഒറിജിനൽ സഹിതം ഹാജരാകണം.

(പി.ആർ.ഒ./39/353/2022)

## അധ്യാപക ഒഴിവ്

മഹാത്മാഗാന്ധി സർവ്വകലാശാല സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് സി.എസ്..എ.ടി. (സിവിൽ സർവ്വീസ് ആപ്റ്റിറ്റിയൂഡ് ടെസ്റ്റ്) അധ്യാപകനെ ഹയറിങ് വ്യവസ്ഥയിൽ ആവശ്യമുണ്ട്. താൽപര്യമുള്ളവർക്ക് വിശദമായ ബയോഡാറ്റ, സമാന മേഖലയിലെ പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് എന്നിവ സഹിതം civilserviceinstitute@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിലേക്ക് മാർച്ച് 31 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/354/2022)

## പരീക്ഷാ ഫലം

2021 ഒക്ടോബറിൽ ഐ.ഐ.ആർ.ബി.എസ്. നടത്തിയ ഏഴാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഇന്റർഡിസിപ്ലിനറി എം.എസ്.സി. (റെഗുലർ, സപ്ലിമെന്ററി) (2017-22, 2016-21 ബാച്ച് - സയൻസ് ഫാക്കൽറ്റി, സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു.

(പി.ആർ.ഒ./39/355/2022)

2021 ഫെബ്രുവരിയിൽ നടന്ന നാല്, ആറ് സെമസ്റ്റർ ബി.ബി.എ. (2000-2008 അഡ്മിഷൻ - സ്പെഷ്യൽ മേഴ്സി ചാൻസ് - അദാലത്ത് സ്പെഷ്യൽ മേഴ്സി ചാൻസ് - 2018) പരീക്ഷകളുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കുമുള്ള അപേക്ഷ യഥാക്രമം 370 രൂപ, 160 രൂപ നിരക്കിലുള്ള ഫീസ് സഹിതം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ ലഭിച്ചിരിക്കേണ്ട അവസാന തീയതി ഏപ്രിൽ ഏഴ്.

(പി.ആർ.ഒ./39/356/2022)

**പി.സി. സുരേഷ് കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ